പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 255

2025-ലെ കേരള അക്ഷയ കേന്ദ്ര പരിപാലന ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 255

2025-ലെ കേരള അക്ഷയ കേന്ദ്ര പരിപാലന ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

747/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 255

2025-ലെ കേരള അക്ഷയ കേന്ദ്ര പരിപാലന ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായി നിയോഗിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജനസേവനകരമാക്കുന്നതിനും വ്യക്തി വിവരങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യപ്പെടുന്നതിനും വിശ്വാസ്യതയുള്ളതാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായി നിയോഗിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജനസേവനകരമാക്കുന്നതിനും വ്യക്തി വിവരങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യപ്പെടുന്നതിനും വിശ്വാസ്യതയുള്ളതാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള അക്ഷയ കേന്ദ്ര പരിപാലന ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അക്ഷയകേന്ദ്രം" എന്നാൽ വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള സർക്കാർ അംഗീകൃത കേന്ദ്രം എന്നർത്ഥമാകുന്നു;

(ബി) "അക്ഷയ" എന്നാൽ ഓരോ പ്രദേശത്തും പ്രവർത്തിക്കുന്ന വിവിധോദ്ദേശ്യമുള്ള പൊതുജന സേവന കേന്ദ്രത്തിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റിയും കേരളസംസ്ഥാന ഐ.റ്റി.മിഷനും എന്നർത്ഥമാകുന്നു;

(സി) ''സർക്കാർ'' എന്നാൽ കേരളസർക്കാർ എന്നർത്ഥമാകുന്നു;

(ഡി) ''സംസ്ഥാനം'' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെടാവുന്ന" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന എന്നർത്ഥമാകുന്നു;

(എഫ്) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു.

3. അക്ഷയകേന്ദ്രങ്ങളുടെ സേവനം.—സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകൾ ആവിഷ്കരിച്ചിട്ടുള്ള വിവിധ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതിനുള്ള ചുമതല അക്ഷയകേന്ദ്രം നിർവ്വഹിക്കേണ്ടതാണ്.

4. അക്ഷയകേന്ദ്രങ്ങളുടെ സ്ഥാപനം.—(1) സംസ്ഥാനത്തെ ഏതെങ്കിലും ഒരു പ്രദേശത്ത് അക്ഷയകേന്ദ്രം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിക്ക് നൽകേണ്ടതാണ്. ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റി ആവശ്യമായ ശിപാർശകളോടെ അതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ അക്ഷയ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള പ്രൊപ്പോസലുകൾ അക്ഷയ ഡയറക്ടർ പരിശോധിച്ചശേഷം സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സർക്കാർ, അക്ഷയകേന്ദ്രം അപ്രകാരമുള്ള പ്രദേശത്തേയ്ക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിക്കപ്പെടുന്ന അക്ഷയ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ രണ്ട് കിലോമീറ്ററിനുള്ളിലും മുനിസിപ്പാലിറ്റി പ്രദേശത്ത് ഒന്നരകിലോമീറ്ററിനുള്ളിലും കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു കിലോമീറ്ററിനുള്ളിലും സ്ഥാപിക്കുവാൻ പാടുള്ളതല്ല.

5. അക്ഷയകേന്ദ്രം സംരംഭകനെ തെരഞ്ഞെടുക്കൽ.—അക്ഷയകേന്ദ്രം സംരംഭകനെ തെരഞ്ഞെടുക്കുന്നതിനായി അക്കാര്യം അറിയിച്ചുകൊണ്ടുള്ള ഒരു സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും താല്പര്യമുള്ള സംരംഭകനെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തെരഞ്ഞെടുക്കേണ്ടതുമാണ്.

6. കരാറിലേർപ്പെടണമെന്ന്.—(1) 5-ാം വകുപ്പ് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അക്ഷയ സംരംഭകനും അതിലേയ്ക്കായി നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകളോടെ സർക്കാരുമായി കരാറിലേർപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കരാറിന്റെ കാലാവധി മൂന്ന് വർഷമായിരിക്കുന്നതാണ്.

(3) കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

7. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള ചുമതല.—സർക്കാർ, ജില്ലാ കളക്ടർ, അക്ഷയ ഡയറക്ടർ, ജില്ലാ പ്രോജക്ട് മാനേജർ എന്നീ തലങ്ങളിൽ ഓരോ അക്ഷയ കേന്ദ്രത്തിന്റെയും പ്രവർത്തനം നിർണ്ണയിക്കപ്പെടാവുന്ന കാലയളവിലും മറ്റ് വ്യവസ്ഥകളോടെയും നിരീക്ഷിക്കേണ്ടതാണ്.

8. അക്ഷയ കേന്ദ്ര സംരംഭകർക്കുള്ള നിബന്ധനകൾ.—അക്ഷയ കേന്ദ്ര സംരംഭകർ ഇനിപ്പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കേണ്ടതാണ്, അതായത്:—

(i) സംരംഭകന് അനുവദിക്കപ്പെട്ട പ്രദേശത്ത് അക്ഷയ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്;

(ii) അക്ഷയ കേന്ദ്രത്തിലൂടെ അനുവദിക്കപ്പെട്ട സേവനങ്ങൾ കൃത്യമായും കാലതാമസം ഇല്ലാതെയും നൽകേണ്ടതാണ്;

(iii) ഗുണഭോക്താക്കളുടെ ആധാർകാർഡ്, റേഷൻകാർഡ് തുടങ്ങിയ ഏതെങ്കിലും തിരിച്ചറിയൽ രേഖകളിലെയോ മൊബൈൽ നമ്പർ, വിവിധ അപേക്ഷകളിൽ ചേർക്കുന്ന മേൽവിലാസം, ബാങ്ക്/ട്രഷറി അക്കൗണ്ട് വിശദാംശം എന്നിങ്ങനെയുള്ള ഏതെങ്കിലും വ്യക്തിഗത വിവരങ്ങൾ യാതൊന്നും അക്ഷയ കേന്ദ്രത്തിൽനിന്നും ചോർത്തുവാനോ ചോർന്ന് പോകുന്നതിനോ ഇടയാകുവാനോ പാടുള്ളതല്ല;

(iv) അക്ഷയ കേന്ദ്രങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള മൈക്രോ സംരംഭങ്ങൾ ആയിരിക്കുന്നതാണ്;

(v) പൊതുസേവന കേന്ദ്രം എന്ന നിലയിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അക്ഷയ രൂപീകരിച്ചിട്ടുള്ള മറ്റ് നിബന്ധനകൾക്കും വിധേയമായി അക്ഷയ കേന്ദ്രം പ്രവർത്തിപ്പിക്കേണ്ടതാണ്;

(vi) ഏതെങ്കിലും പ്രവർത്തി സമയത്ത് പൗരൻ ആവശ്യപ്പെടുന്ന അനുവദനീയമായ സേവനം തടസ്സപ്പെടുത്തുകയോ നിഷേധിക്കുകയോ ചെയ്യാൻ പാടുള്ളതല്ല;

(vii) അക്ഷയ കേന്ദ്രത്തിന്റെ ഉദ്ദേശ്യത്തിനോ പ്രതീക്ഷകൾക്കോ ഭാവി പരിപാടികൾക്കോ ഭംഗംവരുത്തുന്ന ഏതെങ്കിലും പ്രവർത്തനത്തിലോ വ്യാപാരത്തിലോ സംരംഭകൻ ഏർപ്പെടുവാൻ പാടില്ലാത്തതാകുന്നു;

(viii) ഏൽപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ സേവനങ്ങളും ചുമതലകളും സംരംഭകർ നിറവേറ്റേണ്ടതാണ്;

(ix) പൊതുസേവന കേന്ദ്രം എന്ന നിലയ്ക്ക് ഏൽപ്പിക്കപ്പെടുന്ന എല്ലാ കാര്യങ്ങളിലും സംരംഭകർക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്;

(x) അക്ഷയ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, കരാർ പ്രകാരമുള്ള കമ്പ്യൂട്ടർ നിശ്ചിത ബാൻഡ് വിഡ്ത്തോടുകൂടിയ കണക്ഷൻ, അറിയിപ്പ് ബോർഡ്, സേവന നിരക്കിന്റെ ചാർട്ട് എന്നിവ സംരംഭകർ സ്വന്തമായി ഏർപ്പെടുത്തേണ്ടതാണ്;

(xi) അക്ഷയ കേന്ദ്രം തുടങ്ങുന്നതിനുള്ള ചെലവും പ്രവർത്തന മൂലധനവും സംരംഭകർ സ്വയമായി കണ്ടെത്തേണ്ടതാണ്;

(xii) കേന്ദ്ര/സംസ്ഥാന സർക്കാർ, ബാങ്കുകൾ, ഐ.റ്റി. മിഷൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായുള്ള പ്രതിബദ്ധത നിറവേറ്റേണ്ടതാണ്;

(xiii) പ്രവർത്തനം ആരംഭിക്കുന്ന അക്ഷയ കേന്ദ്രത്തിൽ നല്ല പ്രവർത്തന അന്തരീക്ഷം ഉള്ളതാണെന്നും മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുമാണെന്ന് സംരംഭകൻ ഉറപ്പാക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന സ്ഥല സൗകര്യത്തോടു കൂടിയതുമായിരിക്കേണ്ടതുമാണ്;

(xiv) അക്ഷയ ഇ-കേന്ദ്രം എന്ന പേരോടുകൂടിയ ബോർഡും നിശ്ചിത ഫോർമാറ്റിൽ ആ കേന്ദ്രത്തിൽ നിന്നുള്ള സേവനങ്ങളും അതിനുള്ള ചാർജ്ജും രേഖപ്പെടുത്തിയ ബോർഡും അക്ഷയ നിർദ്ദേശങ്ങൾ പ്രകാരം കേന്ദ്രത്തിലെ പ്രമുഖ സ്ഥാനത്ത് പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കേണ്ടതാണ്;

(xv) അക്ഷയ കേന്ദ്രത്തിൽനിന്നും നൽകുന്ന സേവനങ്ങൾക്ക് സർക്കാരോ അക്ഷയയോ ഏർപ്പെടുത്തിയിട്ടുള്ള ചാർജ്ജിന് പുറമെ യാതൊരു അധിക ചാർജ്ജും പ്രസ്തുത കേന്ദ്രത്തിൽനിന്നും ഈടാക്കുന്നതല്ല എന്ന അറിയിപ്പ് ബോർഡ് ഓരോ കേന്ദ്രത്തിലും പ്രദർശിപ്പിക്കേണ്ടതാണ്;

(xvi) അക്ഷയ കേന്ദ്രത്തിന്റെ പ്രവർത്തന സമയം ഏതൊരു പ്രവർത്തി ദിവസവും രാവിലെ 9.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയും എട്ട് മണിക്കൂറിൽ കുറയാതെയായിരിക്കുന്നതുമാണ്;

(xvii) സംരംഭകന് അനുവദിക്കപ്പെട്ട സ്ഥലത്തെ അക്ഷയ കേന്ദ്രത്തിലൂടെ മാത്രമെ നിശ്ചിത സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് അനുമതിയുണ്ടായിരിക്കുകയുള്ളു:

എന്നാൽ, മറ്റേതെങ്കിലും അക്ഷയ കേന്ദ്രത്തിലൂടെ നൽകുന്നതിനോ നിശ്ചിത സേവനത്തിന് പുറമെയുള്ള ഏതെങ്കിലും സേവനം നൽകുന്നതിനോ സംരംഭകർ താല്പര്യപ്പെടുന്നപക്ഷം അക്ഷയയുടെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്;

(xviii) അക്ഷയ കേന്ദ്രത്തിലെ എല്ലാ ഇടപാടുകളും സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്;

(xix) നിയമപ്രകാരമുള്ള എല്ലാ കണക്കുകളും അനുബന്ധ രേഖകളും സംരംഭകർ സൂക്ഷിക്കുകയും ആവശ്യപ്പെടുന്ന പ്രകാരം അവ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്;

(xx) സംരംഭകൻ നിയമപ്രകാരം ഒടുക്കേണ്ട നികുതികൾ, ഫീസുകൾ, മറ്റ് തുകകൾ എന്നിവ ഒടുക്കേണ്ടതാണ്;

(xxi) ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുന്ന തുക അപ്പപ്പോൾ തന്നെ ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകേണ്ടതും യാതൊരു സാഹചര്യത്തിലും സംരംഭകന്റെ അക്കൗണ്ടിലോ കൈവശമോ സൂക്ഷിക്കുവാൻ പാടില്ലാത്തതുമാണ്:

എന്നാൽ, സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതായ തുക 2010-ലെ ഇലക്ട്രോണിക് ഡെലിവറി ഓഫ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഒടുക്കേണ്ടതാണ്;

(xxii) ഏറ്റെടുക്കുന്ന ജോലികൾ യഥോചിതം പൂർത്തിയാക്കുന്നതിനും ഉപഭോക്താവിന് ലഭിച്ച സേവനത്തിൽ അവർ പൂർണ്ണ തൃപ്തരാണെന്നതിലും ഉറപ്പ് വരുത്തേണ്ടതാണ്;

(xxiii) നൽകുന്ന സേവനം സംബന്ധിച്ച് ഗുണഭോക്താക്കളുടെ അഭിപ്രായം തേടേണ്ടതും അത് പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്;

(xxiv) സംരംഭകൻ ഓരോ ഇടപാടുകാരന്റെയും വിവരങ്ങൾ സംബന്ധിച്ച് സ്വകാര്യതയ്ക്കുള്ള അവകാശം സംരക്ഷിക്കേണ്ടതും അയാളുടെ എല്ലാ വിവരങ്ങളും രഹസ്യാത്മകമായി സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും എല്ലാ മുൻകരുതലുകളും എടുക്കേണ്ടതും സർക്കാർ നിഷ്കർഷിച്ച ആവശ്യങ്ങൾക്ക് മാത്രമേ അവ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്;

(xxv) സേവനം പ്രദാനം ചെയ്യുന്നതിൽ മുതിർന്ന പൗരൻ, വനിതകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് മുൻഗണന നൽകേണ്ടതാണ്;

(xxvi) അക്ഷയകേന്ദ്രം നിർവ്വഹിക്കേണ്ട പ്രവൃത്തികൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനുള്ള കഴിവ് സംരംഭകർ ആർജ്ജിക്കുകയോ അല്ലെങ്കിൽ അപ്രകാരമുള്ള ജീവനക്കാരെ നിയമിക്കുകയും കാലാകാലങ്ങളിൽ നടത്തപ്പെടുന്ന യോഗങ്ങളിലും പരിശീലന ഉദ്യമങ്ങളിലും സംരംഭകനും ജീവനക്കാരും പങ്കെടുത്ത് സർക്കാർ സേവനങ്ങൾ കൃത്യമായും സമയബന്ധിതമായും നൽകുവാൻ പ്രാപ്തരാകേണ്ടതുമാണ്;

(xxvii) അക്ഷയ കേന്ദ്രത്തിൽ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതും നിയമപരമല്ലാത്ത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്;

(xxviii) യാതൊരു സംരംഭകനും നിയമപരമല്ലാത്തതോ സദാചാരപരമല്ലാത്തതോ ആയ യാതൊരു പ്രവർത്തനവും അക്ഷയകേന്ദ്രം മുഖേന നടത്തുവാൻ പാടില്ലാത്തതാണ്;

(xxix) അക്ഷയകേന്ദ്രം നടത്തപ്പെടേണ്ടത്, അതിന് സാധുവായ ഉത്തരവ് നേടിയ ആൾ തന്നെയായിരിക്കേണ്ടതാണ്. മറ്റൊരു അക്ഷയകേന്ദ്രത്തെ പ്രതിനിധീകരിച്ചുകൊണ്ടോ ബിനാമി എന്ന നിലയ്ക്ക് മാനേജ് ചെയ്യുകയോ ലോഗിൻ കൈമാറ്റുകയോ ചെയ്യുവാൻ പാടുള്ളതല്ല;

(xxx) അക്ഷയകേന്ദ്രങ്ങൾ, സർക്കാർ അല്ലെങ്കിൽ അക്ഷയ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിപ്പിക്കേണ്ടതാണ്.

9. അക്ഷയയുടെ ചുമതലകൾ.—ഇനിപ്പറയുന്നവ അക്ഷയയുടെ ചുമതലയായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങളുടെ ഏകോപനവും നിരീക്ഷണവും മേൽനോട്ടവും അക്ഷയയുടെ ചുമതലയായിരിക്കുന്നതാണ്;

(ബി) പൊതുസേവന കേന്ദ്രം എന്ന നിലയിൽ അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം ഫലപ്രദവും കാര്യക്ഷമവുമായി നടത്തുന്നതിലുള്ള നടപടികൾ സ്വീകരിക്കുക;

(സി) സംരംഭകർക്ക് പ്രവർത്തന അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും സർക്കാരിന്റെ കൂടുതൽ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക;

(ഡി) അക്ഷയ കേന്ദ്രങ്ങൾക്ക് ലഭിക്കേണ്ടതായ സർവ്വീസ് ചാർജ്ജുകൾ യഥാസമയം ലഭിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളുമായി ആവശ്യമായ ഇടപെടൽ നടത്തുക;

(ഇ) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ളതോ അക്ഷയ നിഷ്കർഷിച്ചിട്ടുള്ളതോ അല്ലെങ്കിൽ കരാർ പ്രകാരമുള്ളതോ ആയ മാനദണ്ഡങ്ങൾക്കനുസൃതമായി കൃത്യമായ ഇടവേളകളിൽ അക്ഷയ കേന്ദ്രങ്ങളുടെപ്രവർത്തന ഗുണനിലവാരം സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഓഡിറ്റ് നടത്തേണ്ടതാണ്;

(എഫ്) അക്ഷയ കേന്ദ്രങ്ങളിൽ മുൻകൂർ നോട്ടീസ് നൽകാതെ പ്രവർത്തിസമയത്ത് രേഖകളോ രജിസ്റ്ററുകളോ അക്കൗണ്ടുകളോ പരിശോധിക്കുന്നതിന് അക്ഷയയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്;

(ജി) (എഫ്) ഖണ്ഡം പ്രകാരം നടത്തുന്ന ഓരോ പരിശോധനയുടെയും റിപ്പോർട്ട് തയ്യാറാക്കുകയും പ്രവർത്തനത്തിലുള്ള വീഴ്ചകൾ സംബന്ധിച്ച് ബന്ധപ്പെട്ട കേന്ദ്രത്തോട് ആരായുകയും അവ സമയബന്ധിതമായി പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുക;

(എച്ച്) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ലഭിക്കുന്ന പരാതികളിന്മേൽ ശരിയായ അന്വേഷണം നടത്തി സർക്കാരിലേയ്ക്ക് ആവശ്യമായ ശിപാർശകളോടെ റിപ്പോർട്ട് നൽകുക;

(ഐ) അക്ഷയ കേന്ദ്രങ്ങളുടെ ഇടപാടുകൾ വർദ്ധിപ്പിക്കുന്നതിനും ലാഭകരമായി അവ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക;

(ജെ) കാലാകാലങ്ങളിൽ സർക്കാർ ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച് നൽകുന്ന നിർദ്ദേശങ്ങൾ അക്ഷയ കേന്ദ്രങ്ങളിൽ നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുക.

10. അക്ഷയ കേന്ദ്രത്തിന്റെ കൈമാറ്റം.—അനുവദിക്കപ്പെട്ട സ്ഥലത്തെ അക്ഷയ കേന്ദ്രത്തിന്റെ ഉടമ അഥവാ സംരംഭകൻ ഏതെങ്കിലും കാരണത്താൽ മറ്റൊരാളുടെ പേരിലേയ്ക്ക് അപ്രകാരമുള്ള ഉടമസ്ഥത കൈമാറ്റം ചെയ്യുന്നതിന് താല്പര്യപ്പെടുന്ന പക്ഷം നിർണ്ണയിക്കപ്പെടാവുന്ന നടപടി സ്വീകരിച്ചുകൊണ്ട് കൈമാറാവുന്നതാണ്.

11. അക്ഷയ കേന്ദ്രം മാറ്റി സ്ഥാപിക്കുന്നത്.—(1) ഏതൊരു അക്ഷയ കേന്ദ്രവും മാറ്റി സ്ഥാപിക്കുന്നതിനോ അതിന്റെ സേവന മേഖലയുടെ പരിധി വ്യത്യാസപ്പെടുത്തുന്നതിനോ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ ഭരണ സമിതി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിലും പൊതുജനങ്ങളുടെ സൗകര്യം, താല്പര്യം എന്നിവ കണക്കിലെടുത്തും ആയിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അക്ഷയ കേന്ദ്രം മാറ്റി സ്ഥാപിക്കപ്പെട്ടത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിൽ ബന്ധപ്പെട്ട അക്ഷയ കേന്ദ്രത്തിന്റെ സേവന മേഖലയിൽ ഉൾക്കൊള്ളുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധികൾ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

12. അക്ഷയ കേന്ദ്രം നിർത്തലാക്കൽ.—(1) ഏതെങ്കിലും അക്ഷയ കേന്ദ്രം കരാർ വ്യവസ്ഥകൾ ലംഘിച്ചതായോ ധനസംബന്ധമായതുൾപ്പെടെ ഏതെങ്കിലും തെറ്റായ പ്രവർത്തനത്തിൽ ഏർപ്പെടുന്നതായോ പ്രദാനം ചെയ്യുന്ന സേവനം നിശ്ചിത ഗുണനിലവാരമില്ലാത്തതായോ ബോദ്ധ്യമാകുന്നപക്ഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയുടെ അഭിപ്രായത്തിന് വിധേയമായി സർക്കാരിനെ അറിയിച്ച ശേഷം അപ്രകാരമുള്ള അക്ഷയ കേന്ദ്രം നിർത്തലാക്കുന്നതിനോ നിർണ്ണയിക്കപ്പെടാവുന്ന പിഴ ഈടാക്കുന്നതിനോ അക്ഷയയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു നടപടിയും ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകാതെയും അന്വേഷണം നടത്താതെയും സംരംഭകന് പറയുവാനുള്ളത് പറയുവാൻ മതിയായ അവസരം നൽകാതെയും സ്വീകരിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിച്ചശേഷം അങ്ങനെയുള്ള അക്ഷയ കേന്ദ്രത്തിന്റെ ഒഴിവ് സംബന്ധിച്ച് നിർണ്ണയിക്കുന്ന പ്രകാരം പ്രസിദ്ധപ്പെടുത്തുകയും പുതിയ സംരംഭകനെ തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതുമാണ്.

13. അക്ഷയ സംരംഭകനുമായുള്ള തർക്കം തീർപ്പാക്കൽ.—(1) അക്ഷയ കേന്ദ്ര സംരംഭകന് അക്ഷയയുമായി ഏതെങ്കിലും സംഗതിയിൽ തർക്കമുണ്ടാകുന്നപക്ഷം അക്കാര്യം അക്ഷയ, വിവര സാങ്കേതികവിദ്യ വകുപ്പ് സെക്രട്ടറിക്ക് റഫർ ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു വിഷയത്തിലും വിവര സാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

14. പുതുതായി ഏർപ്പെടുത്തുന്ന സേവനം.—(1) സർക്കാർ, സംസ്ഥാനമാകെ ലഭ്യമാകുന്ന തരത്തിൽ പുതുതായി ഏർപ്പെടുത്തുന്ന ഏതെങ്കിലും സേവനം അക്ഷയ കേന്ദ്രം മുഖേന ലഭ്യമാക്കുന്നതിൽ യാതൊരു കേന്ദ്രത്തിനും മുൻഗണന ഉണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സംഗതിയിൽ യാതൊരു അക്ഷയ കേന്ദ്ര സംരംഭകനും അവകാശമുന്നയിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുകയില്ല.

15. തെറ്റായ പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകൽ.—സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും അക്ഷയ കേന്ദ്രം മുഖേന തെറ്റായ പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്ന ഏതൊരാളും ആ പ്രേരണയെത്തുടർന്ന് പ്രേരിപ്പിക്കപ്പെട്ട പ്രവർത്തി ചെയ്യുന്നപക്ഷം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ശിക്ഷിക്കപ്പെടാവുന്നതാണ്.

16. അക്ഷയ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിനോ അക്ഷയ ഡയറക്ടർക്കോ, ജില്ലാ കളക്ടർക്കോ, ഐ.റ്റി. മിഷനോ, ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിക്കോ അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതൊരു അക്ഷയ കേന്ദ്രത്തിലും അതിന്റെ കെട്ടിടത്തിലും പരിസരത്തും പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. റിപ്പോർട്ടുകളുടെ സമർപ്പണം.—സംസ്ഥാന ഐ.റ്റി. മിഷൻ, അക്ഷയ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സാമ്പത്തിക കണക്കുകൾ, റിപ്പോർട്ടുകൾ, സ്ഥിതിവിവര കണക്കുകൾ, മറ്റ് വിവരങ്ങൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

18. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ സർക്കാരോ, ഐ.റ്റി. മിഷനോ, ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയോ ചുമതലപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉത്തമവിശ്വാസത്തിലും പൊതു താല്പര്യം മുൻനിർത്തിയും ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ കാര്യങ്ങൾക്കെതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

19. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്കായി ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

20. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം വിജ്ഞാപനത്തിന് ശേഷം അതതു സംഗതിപോലെ അപ്രകാരം രൂപഭേദപ്പെടുത്തലുകൾ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള സർക്കാർ അംഗീകൃത കേന്ദ്രങ്ങളായാണ് അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഗുണഭോക്താക്കളുടെ വിലപ്പെട്ട രേഖകളുടെയും വ്യക്തിഗത വിവരങ്ങളുടെയും സുരക്ഷിതത്വം, സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ്, കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിന് വിവിധ തലത്തിലുള്ള സംവിധാനം എന്നീ കാര്യങ്ങളാൽ അക്ഷയ കേന്ദ്രങ്ങളെ പ്രത്യേകമായി പൊതുജനസേവന കേന്ദ്രം എന്ന നിലയിൽ പ്രത്യേക ശ്രദ്ധ നേടുന്നതിന് ഇടയാക്കുന്നു. സംസ്ഥാന സർക്കാർ സേവനങ്ങൾക്ക് പുറമെ കേന്ദ്ര സർക്കാർ സേവനങ്ങൾകൂടി പ്രദാനം ചെയ്യുന്നതിന് അക്ഷയ കേന്ദ്രങ്ങൾ സി.എസ്.സി. രജിസ്ട്രേഷൻ നേടിയിട്ടുണ്ട്.

അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രം ചെയ്യുവാൻ അനുമതിയുള്ള സേവനങ്ങൾ അനധികൃതമായി ഓപ്പൺ പോർട്ടലിലൂടെ സിറ്റിസൺ ലോഗിൻ വഴി ചെയ്യുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇത്തരം കേന്ദ്രങ്ങൾ പൊതുജനങ്ങളിൽ നിന്നും അമിത ചാർജ്ജ് ഈടാക്കുകയും വ്യാജ സർട്ടിഫിക്കറ്റുകൾ ചമയ്ക്കുകയും വ്യക്തിഗത രേഖകളും വിവരങ്ങളും ചോർത്തി ദുരുപയോഗം ചെയ്യുന്നതിന് ഇടയാകുകയും ചെയ്യുന്നു.

മേൽപ്രസ്താവിച്ച പ്രകാരമുള്ള ഓൺലൈൻ സേവനകേന്ദ്രങ്ങൾ വാണിജ്യാടി സ്ഥാനത്തിൽ അനധികൃതമായി ഇ-ഡിസ്ട്രിക്റ്റ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് തടയപ്പെടേണ്ടതാണ്. അതിനായി അക്ഷയ കേന്ദ്രങ്ങളുടെ സ്ഥാപനം, പ്രവർത്തനം, നിയന്ത്രണം എന്നിവയ്ക്ക് നിയമ പ്രാബല്യം നൽകേണ്ടതുണ്ട്. അതുദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഒരു പ്രദേശത്തെ അക്ഷയ കേന്ദ്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 5-ാം ഖണ്ഡം അക്ഷയ കേന്ദ്ര സംരംഭകനെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, അക്ഷയ കേന്ദ്രം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കരാറിലെ വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 6-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, കരാർ പുതുക്കുന്നതിലെ വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 7-ാം ഖണ്ഡം അക്ഷയ കേന്ദ്രംത്തിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിലെ വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തുന്നു.

(6) ബില്ലിലെ 9-ാം ഖണ്ഡം (ഇ) ഉപഖണ്ഡം, അക്ഷയ കേന്ദ്രങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച നടപടികൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 10-ാം ഖണ്ഡം അക്ഷയ കേന്ദ്രത്തിന്റെ ഉടമസ്ഥത കൈമാറുന്നതിൽ സ്വീകരിക്കേണ്ട നടപടി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 12-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, അക്ഷയ കേന്ദ്രത്തിന്റെ പ്രവർത്തനം കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തുന്ന സാഹചര്യത്തിൽ ഈടാക്കേണ്ട പിഴ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 12-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം നിർത്തലാക്കിയ അക്ഷയ കേന്ദ്രത്തിന് പകരം പുതിയ സംരംഭകനെ കണ്ടെത്തുന്നതിനുള്ള നടപടി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ 15-ാം ഖണ്ഡം അക്ഷയ കേന്ദ്രം മുഖേന തെറ്റായ പ്രവർത്തനത്തിന് പ്രേരണ നൽകുന്ന വ്യക്തിക്കുള്ള ശിക്ഷ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 17-ാം ഖണ്ഡം അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ഐ.റ്റി.മിഷൻ തയ്യാറാക്കുന്നതിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ബില്ലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവ് പുറപ്പെടുവിക്കുവാൻ ബില്ലിലെ 19-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(14) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയാകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്.